**മധുരമായ കുട്ടികളെ, ഇപ്പോൾ നിങ്ങളുടെ ഈ ജന്മം വജ്രസമാനമാണ് കാരണം നിങ്ങൾ ഈശ്വരീയ സന്താനങ്ങളായിരിക്കുകയാണ്, സ്വയം ഈശ്വരൻ നിങ്ങളെ പഠിപ്പിക്കുന്നു, നിങ്ങൾ ദൂരാദേശിയും വിശാലബുദ്ധിയുമുള്ളവരാകുന്നു.**

**ചോദ്യം:** നിങ്ങൾ കുട്ടികൾ ഏതൊരു പുരുഷാർത്ഥത്തിലൂടെ ദൂരാദേശിയും വിശാലബുദ്ധിയുമുള്ളവരായിക്കൊണ്ടിരിക്കുന്നു?

**ഉത്തരം:** ബാബയുടെ ഓർമ്മയിലൂടെ ദൂരാദേശിയും പഠിത്തത്തിലൂടെ വിശാലബുദ്ധിയുമുള്ളവരാകുന്നു. ദൂരാദേശി എന്നാൽ ദൂരദേശത്തുവസിക്കുന്ന ബാബയെ ഓർമ്മിക്കുക. ദൂരാദേശിയാവുക എന്നതാണ് മൻമനാഭവയുടെ അർത്ഥം. വിശാലബുദ്ധി എന്നാൽ സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യ ജ്ഞാനം ബുദ്ധിയിലുണ്ടായിരിക്കുക. നിങ്ങൾക്ക് ആദ്യം ദൂരാദേശി പിന്നെ വിശാലബുദ്ധിയുള്ളവരാകണം.

**ഗീതം:** നമ്മളുടെ തീർത്ഥം വ്യത്യസ്തമാണ്....

**ഓം ശാന്തി.** നമ്മളുടെ തീർത്ഥം വ്യത്യസ്തമാണെന്ന് കുട്ടികൾ പാട്ടുകേട്ടു. നമ്മളുടെ തീർത്ഥം വളരെ ദൂരെയാണ്. അതുകൊണ്ട് കുട്ടികളോട് പറയുന്നു ദൂരാദേശിയായി ഭവിക്കൂ. ദൂരദേശത്തു വസിക്കുന്നവൻ പിന്നെ പറയുന്നു വിശാലബുദ്ധിയുള്ളവരായി ഭവിക്കൂ. സർവ്വരുടെയും ബുദ്ധി ഇപ്പോൾ തുച്ഛമല്ലേ. മായ തുച്ഛബുദ്ധിയാക്കിയിരിക്കുകയാണ്. അപ്പോൾ കുട്ടികളുടെത് ദൂരാദേശബുദ്ധിയാണ് അതായത് ദൂരെ വസിക്കുന്നവന്റെ ഓർമ്മയും വിശാലബുദ്ധി അതായത് സൃഷ്ടിയുടെ ആദി –മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനവും ബുദ്ധിയിലുണ്ട്. ബാക്കി സർവ്വരും അല്പജ്ഞ ബുദ്ധിയുള്ളവരാണ് അതായത് അല്പബുദ്ധി, കേവലം പരമാത്മാവെന്ന് പറയുന്നു എന്നാൽ അറിയില്ല. ഇവിടെ മഹാത്മാക്കളൊന്നുമില്ല. ഇവിടെ ബാബ വന്നിട്ട് ദൂരാദേശിയാക്കുന്നു, എന്നാൽ ദൂരാദേശി കുട്ടികൾ കുറവാണ്. ജ്ഞാനം വളരെ നന്നായിട്ടുണ്ട് എന്നാൽ ദൂരാദേശികൾ കുറവാണ് അതായത് ബാബയുടെ ഓർമ്മയിൽ അല്പ നേരമേ ഇരിക്കുന്നുള്ളു. ബാക്കി സന്ന്യാസികൾ സാധന ചെയ്യുന്നുണ്ട്. യഥാ രാജാ റാണി തഥാ പ്രജകൾ മുഴുവൻ ലോകവും ഇപ്പോൾ പതീതമാണ്. മഹാത്മ എന്ന പേരൊക്കെ ഇടുന്നുണ്ട് എന്നാൽ മഹാത്മാക്കൾ ആരും തന്നെ ഇല്ല. ചിലരൊക്കെ കൃഷ്ണനെ മഹാത്മാവെന്നു വിളിക്കുന്നു. ഇതു പിന്നെയും ശരിയാണ് കാരണം അത് ശ്രേഷ്ഠാചാരി ലോകമാണ്. ഇതിപ്പോൾ ഭ്രഷ്ടാചാരി ലോകമാണ്. യഥാ രാജാ റാണി തഥാ പ്രജാ, എന്നാൽ ഇപ്പോൾ രാജാക്കന്മാരൊന്നുമില്ല. പ്രജകളുടെ മേൽ പ്രജകളുടെ രാജ്യമാണ്. ബാബ പറയുന്നു, എന്നിലൂടെ എന്നെ അറിയാത്തിടത്തോളം, കല്പത്തിന്റെ അന്തിമത്തിൽ ഞാൻ വരാത്തിടത്തോളം ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ നിങ്ങൾക്കെന്നെ ലഭിക്കുകയില്ല കൂടാതെ ആർക്കും തന്നെ മുക്തിയിലേക്കു പോകാനും സാധിക്കില്ല . മനുഷ്യർ കൃഷ്ണനെ ഓർമ്മിക്കുന്നു. കൃഷ്ണൻ ഈ ദേശത്തിലേതാണ്. ദൂരാദേശിയല്ല. ബാബയെ ഓർമ്മിക്കുക എന്നാൽ അർത്ഥം ദൂരാദേശിയാവുക. മൻമനാഭവയുടെ അർത്ഥമാണ് ദൂരാദേശി ഭവ. ബാബയെ അറിയാത്തവർക്ക് എങ്ങനെ ബാബയിൽ നിന്നും ആസ്തി ലഭിക്കും, അഥവാ വന്നിട്ടില്ല എങ്കിൽ എങ്ങനെ വഴി ലഭിക്കും. വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. സാജനോട് വളരെ സ്നേഹമുണ്ടായിരിക്കണം. ഒരേ ഒരു നിന്നെ ലഭിച്ചാൽ സർവ്വതും ലഭിച്ചു എന്നു പറയാറുണ്ട്. അപ്പോൾ ഒന്നിൽ നിന്നു തന്നെ സർവ്വതും പ്രാപ്തമാകുന്നു. ഇങ്ങനെയുള്ള സാജനോട് വളരെ സ്നേഹമുണ്ടായിരിക്കണം. ഇത് പരിധിയില്ലാത്ത ജ്ഞാനമാണ്. വിരാട ഡ്രാമ എന്നാൽ വൈവിധ്യമായത്. ഇതിൽ അനേക അഭിപ്രായങ്ങളുണ്ട് അതുകൊണ്ടാണ് ദ്വൈത രാജ്യം, ദ്വൈതം അല്ലെങ്കിൽ ദൈത്യം എന്നത് ഒരേ കാര്യമാണ്. രാവണനെയാണ് ദൈത്യൻ എന്നു പറയുന്നത്. ദേവതയാക്കുന്നത് ഒരേ ഒരു ബാബയാണ്. മനുഷ്യനിൽ നിന്നും ദേവതയെന്നു പറയുന്നു, എത്ര സഹജമായ കാര്യമാണ്. നിങ്ങൾ വിശാലബുദ്ധിയുള്ളവരാണ്. ശാസ്ത്രം പഠിക്കുന്നവരെ വിശാലബുദ്ധിയുള്ളവർ എന്നു പറയില്ല. അതു ഭക്തിയാണ്. ജ്ഞാനം വേറെയാണ്, ഭക്തി വേറെയാണ്. ജ്ഞാനം ജ്ഞാനസാഗരനായ ബാബ നല്കുന്നു. നിങ്ങൾ വജ്രസമാനമായിരുന്നു. ഇപ്പോൾ കക്കയ്ക്കു സമാനമായി. ഇപ്പോൾ ബാബ വജ്രസമാനമാക്കുന്നു. നിങ്ങൾ വിശാലബുദ്ധിയുള്ളവരാകുന്നതിലൂടെ വിശ്വത്തിന്റെ മേൽ രാജ്യം ഭരിക്കുന്നു. അവിടെ അഖണ്ഡവും ദൃഢവുമായ രാജ്യമാണ്, അപ്പോൾ വിശാലബുദ്ധിയുടെ ജ്ഞാനമുണ്ട്.

നിങ്ങൾക്കറിയാം സത്യയുഗത്തിൽ സുഖമുണ്ടായിരുന്നു, പിന്നീട് പതുക്കെ പതുക്കെ പടികൾ താഴേക്കിറങ്ങണം. കയറുവാൻ ഒറ്റ സെക്കന്റിൽ കുതിച്ചു ചാടിയാൽ മതി, പതീതത്തിൽ നിന്ന് പാവനമാകുന്നതിനുള്ള കുതിച്ചു ചാട്ടം. ഇറങ്ങുവാൻ അയ്യായിരം വർഷം എടുക്കും. നിങ്ങളെല്ലാവരും സംഖ്യാക്രമമായ പുരു

ഷാർത്ഥമനുസരിച്ച് വിശാലബുദ്ധിയുള്ളവരായിരിക്കുന്നു. ഈ ജ്ഞാനം ഇപ്പോൾ ലഭിക്കുന്നു, സത്യയുഗത്തിൽ ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. കല്പം മുമ്പത്തേതുപോലെ സംഗമത്തിൽ ബാബ വരുന്നു. സത്യയുഗത്തിൽ വിശാലബുദ്ധിയുള്ളവർ എന്നു പറയില്ല. വജ്രസമാനമായ ജന്മമെന്നും സത്യയുഗത്തിൽ പറയില്ല. ഇപ്പോളാണ് വജ്രസമാനമായ ജന്മം കാരണം നിങ്ങളിപ്പോൾ ഈശ്വരീയ സന്താനങ്ങളാണ്. ഈശ്വരൻ നിങ്ങളെ പഠിപ്പിക്കുന്നു. ഈ മഹിമ ബാബയുടേതാണ്. പരമാത്മാവ് പതീത പാവനനാണെങ്കിൽ എങ്ങിനെ സർവ്വവ്യാപിയാകാൻ സാധിക്കും. എന്നാൽ മനുഷ്യൻ അല്പജ്ഞ ബുദ്ധിയുള്ളവരാണ്, എത്ര മനസ്സിലാക്കി കൊടുത്താലും മനസ്സിലാക്കുന്നില്ല. അവർ ബ്രാഹ്മണകുലത്തിലേതല്ലാ എന്ന് അപ്പോൾ മനസ്സിലാക്കുവാൻ സാധിക്കും. ദേവതാ കുലത്തിൽ ഉള്ളവരേ ജ്ഞാനത്തെ മനസ്സിലാക്കി ബ്രാഹ്മണനാകൂ. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്, നിങ്ങളും ജ്ഞാനത്തിന്റെ സാഗരമാകുന്നു, പിന്നെ നിങ്ങൾ സുഖശാന്തിയുടെ സാഗരമാകുന്നു. സത്യയുഗത്തിൽ അപാരസുഖമുണ്ടായിരിക്കും. ബാബയിലൂടെ നിങ്ങൾക്ക് സർവ്വസുഖങ്ങളുടെ പ്രാപ്തിയുണ്ടാകുന്നു. അതും അന്തിമത്തിൽ ജ്ഞാനം, സുഖം, ശാന്തിയുടെ സാഗരമാകും കാരണം മറ്റുള്ളവർക്കും നല്കുന്നുണ്ട്. ഇപ്പോൾ നോക്കൂ എത്ര ദു:ഖവും അശാന്തിയുമാണ്. വലിയ ആൾക്കാർക്ക് ഉറക്കം വരുന്നില്ല. നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമാണ് കാരണം നിങ്ങൾ ബാബയെ തിരിച്ചറിഞ്ഞു. ഓ ഗോഡ്ഫാദർ, പരംപിതാ പരമാത്മാ എന്ന് ലോകത്തിലുള്ളവർ വിളിക്കുന്നു എന്നാൽ ബാബയെ അറിയുന്നില്ല. എത്ര കാലമായി ഭക്തി ചെയ്യുന്നു, ഓർമ്മിച്ചുകൊണ്ടിരിക്കുന്നു എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. ബാബ വന്നിട്ട് തന്റെയും തന്റെ രചനയുടെയും പരിചയം സ്വയം നൽകുന്നു. നിങ്ങൾ മറ്റുള്ളവർക്കു നല്കണം. നിങ്ങൾക്കറിയാം ഇത് അച്ഛനാണ്, മഹാത്മാവൊന്നുമല്ല. ബാബയ്ക്ക് വിചാരം വന്നു, ഫോറത്തിൽ എഴുതിയിട്ടുണ്ടായിരിക്കണം നിങ്ങൾ ആരെക്കാണാനാണ് വന്നിരിക്കുന്നത്? അപ്പോൾ പറയും മഹാത്മാവിനെ, ഇദ്ദേഹം മഹാത്മാവല്ല എന്നു പറയൂ. ബ്രഹ്മാകുമാർ, കുമാരികൾ എന്ന് പേരുണ്ടെങ്കിൽ അവരുടെ അച്ഛൻ പ്രജാപിതാ ബ്രഹ്മാവ് ആയിരിക്കുമല്ലോ. അപ്പോൾ പിന്നെ എങ്ങനെ മഹാത്മാവാകും. മറുപടി കൊടുക്കുന്നവരും നല്ല കുട്ടികളായിരിക്കണം. ബുദ്ധിയുള്ളവരായിരിക്കണം. ഇതൊക്കെ എഴുതിയിട്ടുപോകുന്നു എന്ന് കരുതുക എന്നിരുന്നാൽ പോലും ഒന്നും മനസ്സിലാക്കുന്നില്ല, തികച്ചും ബുദ്ധിശൂന്യരാണ്. മുഖം കാണുമ്പോൾ മനസ്സിലാക്കാൻ സാധിക്കും – ബുദ്ധിയിൽ ജ്ഞാനമില്ല. ശിവബാബയ്ക്കറിയാം കാരണം അന്തര്യാമിയാണ്. ഈ ബ്രഹ്മാബാബയാണെങ്കിൽ ബഹിര്യാമിയാണ്. ബാബ പറയുന്നു, ഒന്നാം നമ്പറിലുള്ള ആളുടെ ശരീരത്തിലാണ് ഞാൻ വരുന്നത് . ഇപ്പോൾ അവസാനത്തിലാണ്. ഇതിൽ പ്രവേശിക്കുന്നു കാരണം വീണ്ടും ഇദ്ദേഹത്തിന് അതേ നാരായണനാകണം. അതുകൊണ്ട് ഈ ശരീരം നല്കുന്നതിന്റെ വാടക ഇദ്ദേഹത്തിന് ലഭിക്കുന്നു അതുകൊണ്ടാണ് പറയുന്നത് ഭാഗ്യശാലി രഥം, ഭാഗീരഥൻ വെള്ളത്തിന്റെ ഗംഗയൊന്നും കൊണ്ടുവന്നില്ല. ഇതൊക്കെ ഗുഹ്യമായ ജ്ഞാനത്തിന്റെ കാര്യമാണ്. രാവണന്റെ മതമനുസരിച്ച് നടക്കുന്നതു കാരണം മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയെങ്കിൽ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാൻ യുക്തി കണ്ടെത്തൂ. മറ്റുള്ളവരെ എങ്ങനെ ദൂരാദേശിയാക്കാം, എങ്ങനെ ബാബയുടെ പരിചയം നൽകാം എന്ന വിചാരം നിങ്ങൾക്കു വരണം. അവർ ബ്രഹ്മത്തെ ഓർമിക്കുന്നു. ബ്രഹ്മം തത്വമാണ്. അവിടെ പരമാത്മാവിരിക്കുന്നു. എന്നാൽ അവർ ബ്രഹ്മത്തെത്തന്നെ പരമാത്മാവെന്ന് കരുതുന്നു അതായത് ഹിന്ദു എന്നൊരു ധർമ്മം ഇല്ലാഞ്ഞിട്ടും ഹിന്ദുസ്ഥാനിൽ വസിക്കുന്നതുകാരണം ഹിന്ദു എന്നു പേരിട്ടിരിക്കുന്നതുപോലെ വാസ്തവത്തിൽ ഹിന്ദുസ്ഥാൻ താമസിക്കാനുള്ള സ്ഥലമാണ്. അതുപോലെ ബ്രഹ്മതത്വവും പരമാത്മാവ് വസിക്കുന്ന സ്ഥലമാണ്. എന്നാൽ മനുഷ്യർ അല്പബുദ്ധിയുള്ളവരായതു കാരണം മനസ്സിലാക്കുന്നില്ല. ഇതൊക്കെ ജ്ഞാനത്തിന്റെ കാര്യമാണ്. ലോകത്തിലുള്ളവരുടെ കാര്യങ്ങളെക്കുറിച്ച് എല്ലാവർക്കുമറിയാം. ഈ ബ്രഹ്മാവ് വ്യാപാരിയായിരുന്നു, എല്ലാമറിയാമായിരുന്നു എന്നാൽ ജ്ഞാനത്തിന്റെ കാര്യങ്ങളിൽ അല്പബുദ്ധിയായിരുന്നു, തുച്ഛബുദ്ധിയായിരുന്നു, ഒന്നുമറിയില്ലായിരുന്നു. അതുകൊണ്ട് ബാബ വന്നിട്ട് പരിചയം നല്കി. ബ്രാഹ്മണനാകാത്തിടത്തോളം ആർക്കും ബാബയിൽ നിന്നും ആസ്തി ലഭിക്കില്ല, പ്രജകളുണ്ടാകും. ആരെങ്കിലും അല്പമെങ്കിലും കേട്ടു എങ്കിൽ പ്രജയാകും അഥവാ വികാരത്തിലേക്ക് പോയെങ്കിൽ അവർക്ക് ശിക്ഷകളനുഭവിക്കേണ്ടി വരും. പിന്നീട് പോയി സാധാരണ പ്രജയാകും. ഇപ്പോൾ എല്ലാവരുടെയും മരണമുണ്ടാകും. ശവക്കുഴിയിലാകും, ശ്മശാനമാകുക തന്നെ ചെയ്യും. ഈ സമയത്ത് മനുഷ്യർക്ക് ഒരു വിലയുമില്ല. നിങ്ങൾക്കും ഇല്ലായിരുന്നു. ഇപ്പോൾ വിലയുള്ളവരായി മാറിക്കൊണ്ടിരിക്കുന്നു. പിന്നെ വിനാശം ഉണ്ടാകുമ്പോൾ കൊതുകും കൂട്ടത്തെ പോലെ മരിക്കും. ദീപാവലി ദിവസം എത്ര കൊതുകളാണ് ചാകുന്നത്. അതുപോലെ എല്ലാവർക്കും മരിക്കണം കാരണം എല്ലാവർക്കും തിരിച്ച് വീട്ടിലേക്ക് മടങ്ങണം. സത്യയുഗത്തിൽ ഇന്നയാൾ മരിച്ചു എന്നു പറയില്ല കാരണം അവിടെ അകാലമൃത്യുവില്ല. കാലന്റെമേൽ തന്നെ ജയിക്കുന്നു. മരണം എന്ന വാക്ക് അവിടെ ഉണ്ടാവുകയില്ല. സത്യയുഗത്തിലറിയാം ഞങ്ങൾ മരിക്കില്ല കേവലം ഒരു പഴയ വസ്ത്രമുപേക്ഷിച്ച് പുതിയതെടുക്കുന്നു – അതും സമയമാകുമ്പോൾ. സർപ്പത്തിന്റെ ഉദാഹരണം പോലെ– പഴയ തോലുപേക്ഷിച്ച് പുതിയത് എടുക്കുന്നു. അപ്പോൾ സർപ്പത്തിന്റെ

ഉദാഹരണം സത്യയുഗവുമായി താരതമ്യം ചെയ്യാം. ഈ കലിയുഗവുമായി ഉദാഹരണം പറയാൻ സാധിക്കില്ല. വണ്ടിന്റെ ഉദാഹരണം ഇവിടത്തേതാണ്, സന്ന്യാസികളും ഈ ഉദാഹരണം പറയുന്നു കാരണം ഇവിടത്തെ ഓർമ്മചിഹ്നമാണ് ഭക്തിമാർഗ്ഗത്തിൽ നടക്കുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ എത്രത്തോളം ധാരണ ചെയ്യുന്നുവോ, അത്രയും വിശാലബുദ്ധിയുള്ളവരാകും, അത്രയും സമ്പാദ്യമുണ്ടാകും. സർജൻ എത്ര വിശാലബുദ്ധിയുള്ളവനാണോ, മരുന്നുകളുടെയൊക്കെ കാര്യങ്ങൾ എത്ര ബുദ്ധിയിൽ ഉണ്ടോ അത്രത്തോളം സമ്പാദ്യവുമുണ്ടാക്കുന്നു. ഇവിടെയും അങ്ങനെയാണ്. ചിലർ 250 രൂപ സമ്പാദിക്കുന്നു, ചിലർ ആയിരങ്ങൾ സമ്പാദിക്കുന്നു. ചിലർ രാജാക്കന്മാരുടെ അസുഖം മാറ്റുമ്പോൾ അവർക്ക് രാജാക്കന്മാർ ലക്ഷക്കണക്കിന് രൂപ നല്കുന്നു. ഇവിടെയുമങ്ങനെയാണ്. ചിലർക്ക് ജ്ഞാനത്തിന്റെ പോയിന്റിന്റെ ധാരണയുണ്ടാകുന്നില്ല. ചിലർ വളരെ ദൂരാദേശിയും വിശാലബുദ്ധിയുമുള്ളവരാണ് അവർ മറ്റുള്ളവരെയും അങ്ങനെയാക്കുന്നു. ആദ്യം ദൂരാദേശി പിന്നെ വിശാലബുദ്ധിയെന്നു പറയുന്നു. മനസ്സിലാക്കേണ്ട കാര്യമല്ലേ. ബ്രാഹ്മണരെപ്പോലെ സൗഭാഗ്യശാലികൾ ആരുമില്ല. ഒറ്റയടിക്ക് സർവ്വരെയും മുകളിലേക്കു കൊണ്ടുപോകുന്നു. പരമാത്മാവ് ഉയരത്തിലല്ലേ, ആ പരമാത്മാവിന്റെ പരിചയം നല്കുന്നു. അപ്പോൾ നിങ്ങൾക്കറിയാമല്ലോ. കുട്ടികൾക്ക് അച്ഛന്റെ പരിചയമുണ്ടായിരിക്കും. ഇപ്പോൾ പാർലൗകിക അച്ഛൻ വന്നിരിക്കുന്നു നിങ്ങളെ പാവനമാക്കി തിരിച്ചുകൂട്ടിക്കൊണ്ടുപോകുവാനായി. കൃഷിക്കാരന്റെ കുട്ടിയുടെ കഥയുണ്ടല്ലോ- രാജാവ് പെൺകുട്ടിയെ കൂട്ടിക്കൊണ്ടുപോയി എന്നാൽ കുട്ടിക്ക് ഇഷ്ടപ്പെട്ടില്ല അതിനാൽ തിരിച്ചയച്ചു. ഇവിടെയുമങ്ങനെയാണ്. ആരുടെ ബുദ്ധിയിലാണ് ജ്ഞാനത്തിന്റെ ധാരണയുണ്ടാകാത്തത് അവർ സ്വയം തന്നെ പോകുന്നു, ഇതിൽ ബാബയെന്തു ചെയ്യാനാണ്. പരംപിതാ പരമാത്മാവാണ് മനസ്സിലാക്കി തരുന്നത്. ബാബ ബ്രഹ്മാവിലൂടെ വേദശാസ്ത്രങ്ങളുടെ സാരം കേൾപ്പിക്കുന്നു. അതായത് വേദശാസ്ത്രങ്ങളൊന്നും ധർമ്മ ശാസ്ത്രമല്ല. പക്ഷെ അവയൊക്കെ ഇലകളാണ്, കൊച്ചു മക്കളാണ്. മുഖ്യമായത് നാല് ധർമ്മങ്ങളാണ്. അതിൽ മുഖ്യമായത് ബ്രാഹ്മണധർമ്മമാണ് . വജ്രസമാനമായ ജന്മമാണ് ദേവതകളുടേത് എന്നു പറയില്ല കാരണം ഇത് മംഗളകാരി അധിക(ലീപ്) ധാർമ്മിക യുഗമാണ്. ലീപ് മാസത്തെ പുണ്യമാസമെന്ന് പറയുന്നു. ഇത് സംഗമയുഗമാണ്, മംഗളകാരിയാണ്. കൂടാതെ മറ്റേതൊക്കെ യുഗങ്ങളുണ്ടോ അവിടെയെല്ലാം അമംഗളമാണുണ്ടാകുന്നത്. കാരണം ഡിഗ്രി കുറഞ്ഞുകൊണ്ടിരിക്കുന്നു. ദിനം പ്രതി ദിനം കലകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഈ യുഗമാണ് മംഗളകാരി. അതുകൊണ്ട് ഓരോരുത്തരും മറ്റുള്ളവർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കാം എന്ന് തല ഉപയോഗിക്കണം. ഇവിടെ നിങ്ങളോട് ഉസ്താദ് പറയുകയാണ് വഴി എങ്ങനെ പറഞ്ഞു കൊടുക്കണമെന്ന്. പിന്നെ ഓരോരുത്തരുടെയും ജോലി അവരവരുടേതാണ്. മറ്റുള്ളവരെ എങ്ങനെ ചതുപ്പിൽ നിന്നും പുറത്തെടുക്കാം എന്നു ചിന്തിക്കണം. ചിലരൊക്കെ ചതുപ്പിൽ നിന്നും രക്ഷിക്കാൻ പോയി വീണ്ടും പോയി കുടുങ്ങുന്നു. അതുകൊണ്ട് മനസ്സിലാക്കിക്കൊടുക്കാൻ വളരെ ബുദ്ധി വേണം. ആദ്യം അൽഫ് (അച്ഛൻ) നെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കു അപ്പോൾ ബേ (രാജ്യാധികാരം) യെക്കുറിച്ചും മനസ്സിലാക്കും കൂടാതെ സൃഷ്ടിചക്രത്തെക്കുറിച്ചും മനസ്സിലാക്കും. ആദ്യം അൽഫിനെക്കുറിച്ച് മനസ്സിലാക്കട്ടെ. അൽഫ് ആരാണെന്ന് ആയിരം തവണ എഴുതണം അപ്പോളേ ഇവിടെ ഇരിക്കാൻ സാധിക്കു. ചിലർ രക്തം കൊണ്ട് എഴുതിയയക്കുന്നു എന്നിട്ടും വിട്ടുപോകുന്നു കാരണം മായ അത്ര കുറഞ്ഞതൊന്നുമല്ല. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. ദൂരാദേശിയായി ബാബയുടെ ഓർമ്മയിൽ ഇരിക്കണം, മറ്റുള്ളവർക്കും ദൂരദേശത്തുവസിക്കുന്ന ബാബയുടെ പരിചയം കൊടുക്കണം.

2. മംഗളകാരിയുഗത്തിൽ എല്ലാവരുടേയും മംഗളം ചെയ്യുവാനായി യുക്തി കണ്ടെത്തണം. എല്ലാവരേയും ചെളിക്കുഴിയിൽ നിന്നും രക്ഷിക്കുവാനുള്ള സേവനം ചെയ്യണം.

## വരദാനം:- സദാ ഉന്മേഷ-ഉത്സാഹത്തിന്റെ ചിറകിലൂടെ പറക്കുന്ന കലയുടെ സ്ഥിതിയുടെ അനുഭവം ചെയ്യുന്ന കർമ്മയോഗിയായി ഭവിക്കട്ടെ.

ഉന്മേഷ-ഉത്സാഹം താങ്കൾ ബ്രാഹ്മണരുടെ പറക്കുന്ന കലയുടെ ചിറകുകളാണ്. കാര്യാർത്ഥം താഴേക്ക് വരുമ്പോഴും പറക്കുന്ന കലയുടെ സ്ഥിതിയിലൂടെ, കർമ്മയോഗിയായി കർമ്മത്തിലേക്ക് വരുന്നു. ഈ ഉന്മേഷ-ഉത്സാഹം ബ്രാഹ്മണരെ സംബന്ധിച്ച് ഏറ്റവും വലിയ ശക്തിയാണ്. വിരസമായ ജീവിതമല്ല. ഉന്മേഷ-ഉത്സാഹത്തിന്റെ രസമുണ്ടെങ്കിൽ ഹൃദയ നൈരാശ്യമുണ്ടാകുക സാദ്ധ്യമല്ല, സദാ സന്തുഷ്ടം. ഉന്മേഷ-ഉത്സാഹം കൊടുങ്കാറ്റിനെപ്പോലും ഉപഹാരമാക്കി മാറ്റുന്നു. പരീക്ഷ അഥവാ സമസ്യകളെ മനസ്സിനെ വിനോദിപ്പിക്കുന്നതിന്റെ അനുഭവം ചെയ്യിപ്പിക്കുന്നു.

**സ്ലോഗൻ:- ആരാണോ അശരീരി സ്ഥിതിയുടെ അഭ്യാസമുള്ളവർ അവരെ ശരീരത്തിന്റെ ആകർഷണം ആകർഷിതരാക്കുകയില്ല.**

**മാതേശ്വരിജിയുടെ അമൂല്യമഹാവാകൃങ്ങൾ**

നാം മനുഷ്യാത്മാക്കൾക്ക് ആദ്യമാദ്യം നന്നായി ശ്രദ്ധ കൊടുക്കേണ്ട ഏതൊരു മുഖ്യമായ പോയന്റാണ് ബുദ്ധിയിൽ വെക്കേണ്ടത്? 1. ആദ്യമാദ്യം സ്വയം ഇത് പക്കാ നിശ്ചയം ചെയ്യണം അതായത് നമ്മെ പഠിപ്പിക്കുന്നത് ആരാണ്? 2. നമ്മളെല്ലാവരും മനുഷ്യാത്മാക്കളാണ്, പരമാത്മാവ് നമ്മുടെ പിതാവാണ്. മക്കളായ നാം ആത്മാക്കളും പിതാവായ പരമാത്മാവും രണ്ടും രണ്ടാണ്. 3. ഈശ്വരൻ അനന്തമല്ല, സർവ്വവ്യാപിയുമല്ല, ഇപ്പോൾ ഈ ജ്ഞാനം ബുദ്ധിയിൽ വെക്കണം, അതിനാൽ നമ്മുടെ ജ്ഞാനം മറ്റുള്ളവരുടേതിൽ നിന്ന് വേറിട്ടതാണ്. ലോകത്തിലെ മനുഷ്യർ അവർക്ക് പരമാത്മാവിന്റെ ജ്ഞാനമുണ്ട് എന്ന് കരുതുന്നുണ്ട് എങ്കിലും അവരോട് ചോദിക്കൂ, താങ്കളിൽ എന്ത് ജ്ഞാനമാണ് ഉള്ളത്? അപ്പോൾ പറയും ഈശ്വരൻ സർവ്വവ്യാപിയാണെന്ന്. ഇപ്പോൾ പരമാത്മാവാണെങ്കിൽ പറയുന്നു, എന്റെ ജ്ഞാനം എന്നിലൂടെ മാത്രമേ ലഭിക്കൂ. വക്കീൽമാരിലൂടെ നിയമവും, ഡോക്ടർമാരിലൂടെ വൈദ്യവും പഠിക്കുന്നു, വക്കീൽമാരും അനേകമുണ്ടാകും, ഒരു വക്കീലില്ലെങ്കിൽ മറ്റൊരു വക്കീൽ പഠിപ്പിക്കും, ഒരു ഡോക്ടറില്ലെങ്കിൽ മറ്റൊരു ഡോക്ടർ പഠിപ്പിക്കും, പക്ഷെ ഈ ഈശ്വരീയ ജ്ഞാനം ഒരു പരമാത്മാവിനല്ലാതെ ഒരു മനുഷ്യാത്മാവ് അത് സാധു സന്യാസിയാകട്ടെ മഹാത്മാവാകട്ടെ ആർക്കും പഠിപ്പിക്കാൻ സാധ്യമല്ല. അപ്പോൾ നമുക്കെങ്ങനെ അറിയാൻ സാധിക്കും ഇവരിൽ പരമാത്മാ ജ്ഞാനമുണ്ടെന്ന്. 4. പരമാത്മാവ് യുഗേ-യുഗേ ഒന്നും വരുന്നില്ല, മറിച്ച് കല്പ-കല്പം ഒരേ ഒരു തവണ ഈ സംഗമയുഗത്തിൽ അതായത് കലിയുഗത്തിന്റെ അന്തിമവും സത്യയുഗത്തിന്റെ ആദിയുമായ സംഗമസമയത്താണ് വരുന്നത്, മാത്രമല്ല അനേക അധർമ്മങ്ങളുടെ വിനാശം ചെയ്യിപ്പിച്ച് ഒരു ആദി-സനാതന സത്യധർമ്മത്തിന്റെ സ്ഥാപനയും ചെയ്യിപ്പിക്കുന്നു. ഇപ്പോൾ ലോകർക്ക് എങ്ങനെയാണ് പറയാൻ സാധിക്കുക അതായത് പരമാത്മാവ് യുഗേ-യുഗേ വരുന്നുവെന്ന്, പിന്നെ ഇങ്ങനെയും പറയുന്നു ഗീതയുടെ ഭഗവാൻ ശ്രീകൃഷ്ണനാണെന്നും ദ്വാപരത്തിലാണ് വന്നതെന്നും. ഇപ്പോൾ ഈ സർവ്വ കാര്യങ്ങളും തെളിയിക്കണം, ഗീതയുടെ ഭഗവാൻ ശ്രീകൃഷ്ണനല്ല ശിവ പരമാത്മാവാണ് മാത്രമല്ല പരമാത്മാവ് വരുന്നതും ദ്വാപരത്തിലല്ല, സംഗമസമയത്താണ് വന്നത്. 5. ഗുരുവില്ലാതെ ഘോര അന്ധകാരം എങ്ങനെയാണ് സംഭവിച്ചത്, ആ ഗുരു ആരാണ്? മനുഷ്യസൃഷ്ടി എങ്ങനെയാണ് തല കീഴായ വൃക്ഷം പോലെയാകുന്നത്, നമുക്ക് നമ്മുടെ അഞ്ച് വികാരങ്ങളുടെ മേൽ എങ്ങനെ വിജയം പ്രാപിക്കണം? 6) നമ്മൾ അതേ പാണ്ഡവസേനയാണ്, നമ്മോടൊപ്പം സാക്ഷാൽ പരമാത്മാവുണ്ട്, നമുക്ക് തന്നെയാണ് വിജയം. 7) പരമാത്മാവ് സ്വയം സർവ്വശക്തിവാനാണ്, ആരാണോ പരമാത്മാവിന്റെ കൂട്ടുകെട്ട് പൂർണ്ണമായും സ്വീകരിച്ചത്, അവർക്ക് തന്നെയാണ് പരമാത്മാവ് മുഖേന ലൈറ്റ്- മൈറ്റ് ഈ രണ്ട് കിരീടവും ലഭിക്കുന്നത്. ഇപ്പോൾ ഈ എല്ലാ വസ്തുതകളും ബുദ്ധിയിൽ വെക്കണം, ഇതിനെത്തന്നെയാണ് ജ്ഞാനമെന്ന് പറയുക. ശരി, ഓം ശാന്തി.